**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1574 15/02/2016-ൽ മറുപടിയ്ക്ക്

# കാർഷിക മേഖലയുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**,, കെ.രാജു**<br>**,, വി.എസ്.സുനിൽ കുമാർ**<br>**,, പി.തിലോത്തമൻ** | | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) | 2015-16 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി എന്ത് തുക വകയിരുത്തി; എന്ത് തുക ചെലവഴിച്ചു; | എ) | 2015-16 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് 105690.75 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31.1.2016 വരെ 45287.21 ലക്ഷം രൂപ ചെലവഴിച്ചു. |
| ബി) | ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നത്; ഓരോ പദ്ധതിക്കുമായി മാറ്റിവച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നു വെളിപ്പെടുത്തുമോ; | ബി) | അനുബന്ധം 1 —ആയി ചേർത്തിരിക്കുന്നു. |
| സി) | വിളനാശവും വിലത്തകർച്ചയും മൂലം കടക്കെണിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | അനുബന്ധം 2 —ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം- I

**STATEMENT SHOWING SCHEMEWISE ALLOCATION AND EXPENDITURE OF FUNDS DURING 2015-16 (as on 31-01-2016)**

**Agricultural Development and Farmer's Welfare Department**

| Sl. No | Name of scheme | Revised Budget outlay (Rs. in lakhs) | Expenditure (Rs. in lakhs) |
|---|---|---|---|
| | **STATE SECTOR SCHEMES** | | |
| A | **Agriculture - State Plan Schemes** | | |
| 1 | Rice development | 3382.00 | 2868.85 |
| 2 | Coconut Development | 4500.00 | 2942.57 |
| 3 | Augmenting Production of Planting Materials through Departmental Farms | 1450.00 | 723.95 |
| 4 | XIV th Finance Commission Award | 7500.00 | 0.00 |
| 5 | Modernization of Departmental laboratories | 475.00 | 150.34 |
| 6 | Organic farming & "safe to eat" production | 1000.00 | 128.70 |
| 7 | Crop Health Management | 1630.00 | 404.21 |
| 8 | Development of spices | 1000.00 | 646.71 |
| 9 | Farm Information and Communication | 400.00 | 117.69 |
| 10 | Strengthening of Agricultural Extension - includes state share of SMAE( Rs .277 lakhs ) | 3932.00 | 1713.25 |
| 11 | Establishment of Virtual classroom at Block level(One time ACA) New Scheme | 441.00 | 0.00 |
| 12 | Farmers Welfare Fund Board | 25.00 | 0.00 |
| 13 | Integrated Agrl.Complex | 800.00 | 0.00 |
| 14 | Implementation of priority schemes under the Kerala Perspective Plan 2030 New Scheme | 100.00 | 0.00 |
| 15 | Crop Insurance | 500.00 | 500.00 |
| 16 | Comprehensive Crop Insurance for Paddy - New Scheme | 650.00 | 0.00 |
| 17 | GOI supported Insurance scheme - (Central share) | 300.00 | 0.00 |
| 18 | GOI supported Insurance scheme - (State share ) | 100.00 | 100.00 |
| 19 | Agro Service Centres and service delivery | 2765.00 | 509.08 |
| 20 | Hi-tech agriculture - (Includes 15 % state share of MI Rs.150 lakhs ) | 410.00 | 27.02 |
| 21 | SHM (State share) | 747.06 | 211.00 |
| 22 | Vegetable development | 6400.00 | 3941.67 |
| 23 | Vegetable development through VFPCK | 600.00 | 400.00 |
| 24 | Contingency Programme to meet Natural Calamities | 300.00 | 100.00 |
| 25 | Soil health management and productivity improvement | 2855.00 | 1142.69 |
| 26 | Wayanad Package | 1900.00 | 894.98 |
| 27 | Human Resource Development | 275.00 | 104.53 |
| 28 | Installation of school biogas plant in school premisis | 0.00 | 95.01 |
| 29 | Neera production | 0.00 | 50.00 |
| 30 | Market Intervention Support for Price Stabilization | 1000.00 | 1700.00 |

| Sl. No | Name of scheme | Revised Budget outlay (Rs. in lakhs) | Expenditure (Rs. in lakhs) |
|---|---|---|---|
| 31 | Rubber Production Incentive Scheme (RPIS) | 10100.00 | 10100.00 |
| 32 | Market Development | 1285.00 | 1029.54 |
| 33 | Value Addition | 290.00 | 0.02 |
| 34 | Share capital to HORTICORP | 25.00 | 0.00 |
| 35 | RIDF projects | 500.00 | 293.80 |
| 36 | Kerala State Warehousing Corporation | 50.00 | 0.00 |
| | **CENTRALLY SPONSORED SCHEMES HAVING CENTRAL ASSISTANCE** | | |
| 1 | Mission for Integrated Devpt of Horticulture (MIDH) | | |
| i. a. | NHM -85% CSS-central share - General | 8200.00 | 1200.00 |
| b. | NHM - CSS-central share - SCPSC | 352.94 | 352.94 |
| c. | NHM - CSS-central share - TSP | | 0.00 |
| ii | Prodn & distribution of seedlings - 50 % CSS | | 0.00 |
| a. | Prodn & distribution of seedlings - 50 % central share | 30.00 | 0.00 |
| b. | T x D coconut Seedling prodn – 50 % state share | 15.00 | 0.00 |
| c. | Establishment of Regional Coconut Nursery - 50 % state share | 15.00 | 0.00 |
| 2 | National Mission on Agrl.Extn and Technology (NMAET) | | 0.00 |
| i | Sub Mission on Agrl Extn (SMAE) | | 0.00 |
| a. | SMAE-General-Central share | 1564.05 | 826.74 |
| b. | SMAE-General-Central share - SCPSC | 91.75 | 91.75 |
| c. | SMAE-General-Central share - TSP | 9.82 | 9.82 |
| ii | N-eGPA - Agriculture | 123.13 | 120.06 |
| iii | NMAET - Sub Mission on seed and planting material (SMSP) | | 0.00 |
| | SMSP Central share | 500.00 | 0.00 |
| iv | NMAET-Sub Mission on Agricultural Mechanization (SMAM) | | 0.00 |
| a. | SMAM Central share - General | 400.00 | 15.43 |
| b. | SMAM Central share - SCP | | 0.00 |
| c. | SMAM Central share - TSP | | 0.00 |
| 3 | National Mission on Oilseeds and Oil Palm (NMOOP) | | 0.00 |
| | Integrated scheme of oilseeds & oil palm & maize 75 % CSS | 92.00 | 0.00 |
| 4 | National Mission for Sustainable Agriculture (NMSA) | | 0.00 |

## അനുബന്ധം – 2

വിളനാശമുണ്ടാകുന്ന കർഷകരെ സംരക്ഷിക്കുന്നതിന് വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കണ്ടിജൻസി പ്രോഗ്രാം സസ്യആരോഗ്യപരിപാലനം എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

### a) വിള ഇൻഷ്വറൻസ് പദ്ധതി

കേരളത്തിൽ കൃഷി ചെയ്തു വരുന്ന 25 പ്രധാന വിളകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി നിബന്ധനയനുസരിച്ചുള്ള വിളയുടെ കൃഷി വിസ്തൃതി /എണ്ണം അനുസരിച്ച് കർഷകർക്ക് നിശ്ചിത നിരക്കിലുള്ള പ്രീമിയം നൽകി കൃഷിഭവനിലൂടെ പദ്ധതിയിൽ അംഗമാകാവുന്ന താണ്. ഇൻഷ്വർ ചെയ്ത വിളയ്ക്ക് കൃഷിനാശമുണ്ടാകുന്ന പക്ഷം കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കൃഷി സ്ഥലം പരിശോധിച്ച് പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നഷ്ടപരിഹാരത്തുക ശുപാർശ ചെയ്യുന്നു. തുടർന്ന് മേലധികാരികളുടെ അംഗീകാരത്തോടെ നഷ്ടപരിഹാരത്തുക കർഷകർക്ക് ലഭ്യമാക്കുന്നു.

### b) പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കണ്ടിൻജൻസി പ്രോഗ്രാം

പ്രസ്തുത പദ്ധതിയനുസരിച്ച് നെൽകൃഷിക്ക് നാശമുണ്ടാകുന്ന പക്ഷം കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതും വകുപ്പ് ഉദ്യോഗസ്ഥർ നഷ്ടം തിട്ടപ്പെടുത്തിയശേഷം വീണ്ടും കൃഷിയിറക്കുന്നതിനുള്ള വിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ പാടശേഖരത്തിലെ ബണ്ടുകൾക്കുണ്ടാകുന്ന കെടുതി പരിഹരിക്കുന്നതിനും ധനസഹായം നൽകുന്നു. വ്യാപകമായ കീടരോഗബാധമൂലം നെൽകൃഷിക്കുണ്ടാകുന്ന കെടുതിക്കും ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നു.

### c) പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം

പ്രകൃതിക്ഷോഭം മൂലം വിളകൾക്കുണ്ടാകുന്ന കെടുതി കർഷകരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൃഷി ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി തിട്ടപ്പെടുത്തിയശേഷം നഷ്ടപരിഹാരം മാനദണ്ഡങ്ങൾക്കനുസൃതമായി ശുപാർശ ചെയ്യുന്നു. ഇത് റവന്യൂ വകുപ്പാണ് ലഭ്യമാക്കുന്നത്.

### d) സസ്യാരോഗ്യ പരിപാലനം

പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കീടരോഗ നിരീക്ഷണം നടത്തുന്നതിന് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെ പ്രധാന

വിളകളെ നിരീക്ഷിച്ച് കീടരോഗ ബാധയ്ക്കുള്ള സാധ്യത മുൻകൂർ മനസ്സിലാക്കി കരുതൽ നടപടികൾ സ്വീകരിക്കുവാൻ കർഷകർക്ക് മുന്നറിയിപ്പും സാങ്കേതിക സഹായവും നൽകുന്നു. കൂടാതെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ ക്ലിനിക്കുകൾ മുഖേനയും ജില്ലാതല റഫറൽ ക്ലിനിക്കുകൾ മുഖേനയും കീടരോഗബാധകൾക്ക് പരിഹാര നിർദ്ദേശങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നു.

വിലത്തകർച്ച നേരിടുന്ന കർഷകരെ സഹായിക്കുന്നതിന് 'വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ' പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ പ്രകാരം പച്ചക്കറി, നാളികേരം, റബ്ബർ തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകുന്ന സമയങ്ങളിൽ ഹോർട്ടികോർപ്പ്, കേരഫെഡ് പോലുള്ള സർക്കാർ ഏജൻസികൾ മുഖേന സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കർഷകരിൽ നിന്നും നേരിട്ട് ഉല്പന്നങ്ങൾ ശേഖരിച്ച് സംസ്കരണവും വിപണനവും നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നു. ഓണം പോലുള്ള ഉത്സവകാലങ്ങളിലാണ് ഈ പദ്ധതി കൂടുതൽ പ്രാവർത്തികമാക്കുന്നത്.ഇതുമൂലം ഉപഭോക്താക്കൾക്കും മിതമായ വിലയ്ക്ക് കാർഷിക ഉല്പന്നങ്ങൾ ലഭ്യമാക്കുന്നു.

കൂടാതെ കൃഷിവകുപ്പിന് കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ മുഖേനയുള്ള കാർഷികോല്പന്ന സംഭരണവും അവയുടെ ലേലത്തിലൂടെയുള്ള വിപണനവും കർഷകരെ കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നു.

കേരഫെഡ് മുഖേന തെരഞ്ഞെടുത്ത കൃഷിഭവൻ വഴി നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണവും ടി ഉല്പന്നത്തിന് കർഷകർക്ക് മതിയായ വില നൽകി വിലയിടിവിൽ നിന്നും കേരകർഷകരെ സംരക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ